"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ -മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ റാങ്കിംഗ് നൽകുന്നതിന് തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1978/2025/LSGD തീയതി,തിരുവനന്തപുരം, 08-08-2025

**ഉത്തരവ്**

മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ പ്രവർത്തന ഫലമായി ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ കേരളം ഏറെ നേട്ടങ്ങൾ കൈവരിച്ചു കഴിഞ്ഞു. പൊതു ശുചിത്വം മാലിന്യ സംസ്കരണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, മാലിന്യ സംസ്കരണവുമായി ബന്ധപെട്ട നിയമനിർമ്മാണം തുടങ്ങിയ മേഖലകളിൽ കേരളത്തിനു സാധിച്ച നേട്ടങ്ങളുടെ ഫലമാണ് കേന്ദ്ര സർക്കാരിന്റെ സ്വച്ഛ് സർവേക്ഷൺ നഗര റാങ്കിങ്ങിൽ കേരളത്തിലെ നഗരങ്ങൾ നേടിയ മുന്നേറ്റം. ഈ നേട്ടങ്ങളുടെ തുടർച്ച ഉറപ്പാക്കുന്നതിനും, ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം വീണ്ടും മെച്ചപ്പെടുത്തുന്നതിനുമായി സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ശുചിത്വ മാലിന്യ സംസ്കരണ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ **ശുചിത്വ കേരളം റാങ്കിംഗ്** എന്ന പേരിൽ ഗ്രേഡ് ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചിരിക്കുന്നു.

9 പ്രധാന ശുചിത്വ മാലിന്യ സംസ്കരണ ഘടകങ്ങളുടെയും 22 സൂചകങ്ങളുടെയും അടിസ്ഥാനത്തിൽ നാല് ഘട്ടങ്ങൾ അടങ്ങുന്ന ഗ്രേഡിംഗ് രീതിയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഗ്രേഡ് ചെയ്യുന്നതിനായി അവലംഭിക്കുന്നത്. 2025 ഓഗസ്റ്റ് മാസ്സത്തിൽ ആരംഭിക്കുന്ന ഗ്രേഡിംഗ് പ്രവർത്തനം സെപ്റ്റംബർ മാസത്തിൽ പൂർത്തിയാക്കി ഗ്രേഡിംഗ് ഫലം പ്രഖ്യാപിക്കുന്നതാണ്. ഗ്രേഡിംഗ് രീതി, ഘടകങ്ങൾ, വിവിധ പരിശോധന കമ്മറ്റികൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

കോർഡിനേറ്റർ നവകേരളം കർമ്മപദ്ധതി 2
പ്രിൻസിപ്പൽ ഡയറക്ടർ, LSGD, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ

മാനേജിംഗ് ഡയറക്ടർ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ , കെ എസ് ഡബ്ല്യൂ എം പി
മെമ്പർ സെക്രട്ടറി,കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
ഡയറക്ടർ ജനറൽ , കില
എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
സെക്ഷൻ ഓഫീസർ
Date: 09-08-2025 12:28:53

പകർപ്പ്
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്

**അനുബന്ധം 1 – ഗ്രേഡിംഗ് ഘടകങ്ങൾ, മാർക്ക്**

| ക്രമ നം | ഘടകങ്ങൾ | ക്രമ നം | സൂചകങ്ങൾ | മാർക്ക് |
|---|---|---|---|---|
| 1 | കവറേജ് | 1 | അജൈവ മാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണം | 5 |
| | | 2 | യൂസർ ഫീസ് ശേഖരണം | 5 |
| | | 3 | എല്ലാ മാലിന്യങ്ങളുടെയും ശേഖരണം | 3 |
| 2 | അജൈവ മാലിന്യ ശേഖരണ സംവിധാനങ്ങൾ | 4 | MCF/RRF വിസ്തീർണ്ണം | 5 |
| | | 5 | MCF/RRF സൗകര്യങ്ങൾ | 10 |
| | | 6 | അജൈവ മാലിന്യത്തിന്റെ MCF/RRF നിന്നുള്ള ലിഫ്റ്റിംഗ് തോത് | 5 |
| | | 7 | റിജക്റ്റ് മാലിന്യം | 3 |
| | | 8 | പൊതു ബിന്നുകൾ സ്ഥാപിക്കൽ | 5 |
| | | 9 | വാഹന സൗകര്യം | 3 |
| | | 10 | നിരീക്ഷണ ക്യാമറകൾ | 3 |
| 3 | ജൈവ മാലിന്യ സംവിധാനം | 11 | സ്ഥാപന/ഗാർഹിക സംവിധാനം കവറേജ് | 3 |

| | | | | |
|---|---|---|---|---|
| | | 12 | കമ്മ്യൂണിറ്റി സംവിധാനം കവറേജ് | 5 |
| 4 | ദ്രവ മാലിന്യ സംസ്കരണം | 13 | കവറേജ് | 5 |
| 5 | സാനിട്ടറി മാലിന്യം | 14 | സാനിട്ടറി മാലിന്യ സംസ്കരണ സംവിധാനം | 3 |
| 6 | എൻഫോഴ്സ്മെന്റ് | 15 | തദ്ദേശ സ്വയംഭരണ സ്ഥാപന തല ഇന്റേണൽ വിജിലൻസ് സ്ക്വാഡ് പരിശോധന | 7 |
| | | 16 | ഒറ്റ വാട്സാപ്പ് നമ്പർ | 3 |
| 7 | IEC | 17 | ക്യാമ്പയിൻ പ്രവർത്തനങ്ങൾ | 4 |
| | | 18 | ചുമർ ചിത്രങ്ങൾ/IEC സന്ദേശ ബോർഡുകൾ | 1 |
| 8 | പ്രൊജക്റ്റ് നിർവഹണം | 19 | പ്രൊജക്റ്റ് ചെലവ് | 10 |
| 9 | പൊതു ശുചിത്വം | 20 | പൊതു ശുചിമുറികൾ | 4 |
| | | 21 | പൊതു ശുചിത്വം | 4 |
| | | 22 | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഹരിത പ്രോട്ടോക്കോൾ പാലനം | 4 |
| | | | ആകെ | 100 |

**അനുബന്ധം 2 – ഗ്രേഡിംഗ് രീതി**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഗ്രേഡിംഗ് ചെയ്യുന്നതിനുള്ള പ്രവർത്തനം 4 ഘട്ടങ്ങളിൽ ആയാണ് നടക്കുന്നത്

1. **ഘട്ടം 1 – ഡാറ്റ അപ്ലോഡ് ചെയ്യൽ (ഓഗസ്റ്റ്)**
   - ഗ്രേഡിംഗിനായി തയ്യാറാക്കിയ പ്രത്യേക സോഫ്റ്റ്‌വെയറിൽ വിവിധ ഘടകങ്ങൾ, സൂചകങ്ങൾ എന്നിവ പ്രകാരം തയ്യാറാക്കിയ ചോദ്യങ്ങൾ പ്രകാരമുള്ള വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രേഖപ്പെടുത്തുക.
   - ഹരിതമിത്രം, തദ്ദേശ സ്വയംഭരണ വകുപ്പ് വാർ റൂം, സുലേഖ തുടങ്ങിയവയിൽ ലഭ്യമായ ഡാറ്റകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വീണ്ടും രേഖപ്പെടുത്തേണ്ടതില്ല. ഈ ഡാറ്റകൾ ഗ്രേഡിംഗ് സോഫ്റ്റ്‌വെയറിൽ ഇന്റെഗ്രേറ്റ് ചെയ്യുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ ഡാറ്റകളിൽ നിലവിലെ തിരുത്തലുകൾ വരുത്തുന്നതിനായി നിശ്ചിത കാലയളവിലേക്ക് തുറന്നു തരുന്നതാണ്, അതിനു ശേഷം തിരുത്തലുകൾ അനുവദിക്കുന്നതല്ല.

2. **ഘട്ടം 2 – ഡാറ്റാ പരിശോധനയും ഫീൽഡ് സന്ദർശനവും (സെപ്റ്റംബർ)**

- രണ്ടാം ഘട്ടത്തിൽ ഗ്രാമപഞ്ചായത്തുകളെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ നേതൃത്വത്തിൽ രൂപീകരിച്ച വിലയിരുത്തൽ ടീമും, നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ജില്ലാ അസിസ്റ്റന്റ് ഡയറക്ടർ (മാലിന്യ സംസ്കരണം)ന്റെ നേതൃത്വത്തിൽ രൂപീകരിച്ച വിലയിരുത്തൽ ടീമും പരിശോധിക്കുന്നതാണ്. നിലവിൽ രേഖപ്പെടുത്തിയ വിവരങ്ങൾ പരിശോധിക്കുകയാണ് മേൽ സൂചിപ്പിച്ച ടീം ചെയ്യുന്നത്. ഇതിനായി വിലയിരുത്തൽ ടീമിനെ രണ്ടു വിഭാഗങ്ങൾ ആയി രൂപീകരിക്കുന്നതാണ്. ഇവ ചുവടെ നൽകുന്നു.

| | **ഫീൽഡ് ഇൻസ്പെക്ഷൻ ടീം** | **ഡാറ്റാ പരിശോധന ടീം** |
|---|---|---|
| ഗ്രാമപഞ്ചായത്തുകളുടെ വിലയിരുത്തൽ ടീം | • **അസിസ്റ്റന്റ് സെക്രട്ടറി**<br>• **ഹെഡ് ക്ലർക്ക് / സീനിയർ എക്സ്റ്റൻഷൻ ഓഫീസർ**<br>• സീനിയർ **എക്സ്റ്റൻഷൻ ഓഫീസർ** (വനിതാ ക്ഷേമം)<br>• ശുചിത്വ മിഷൻ RP/ ശുചിത്വ | • **ഹെഡ് ക്ലർക്ക് / സീനിയർ എക്സ്റ്റൻഷൻ ഓഫീസർ**<br>• IKM TA – ബ്ലോക്ക് ലെവൽ |

| | | |
|---|---|---|
| | മിഷൻ YP/ഹരിത കേരള മിഷൻ RP | |
| നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിലയിരുത്തൽ ടീം | • ജില്ലാ അസിസ്റ്റന്റ് ഡയറക്ടർ (മാലിന്യ സംസ്കരണം)<br>• അസിസ്റ്റന്റ് കോർഡിനേറ്റർ (SWM) ശുചിത്വ മിഷൻ<br>• ഹരിത കേരളം മിഷൻ RP<br>• ശുചിത്വ മിഷൻ YP | • ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിലെ റിസർച്ച് അസിസ്റ്റന്റ് /സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് (ഇവരിൽ ജോയിന്റ് ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥ(ൻ))<br>• IKM ടെക്നിക്കൽ എക്സ്പേർട്ട് |

**ടീം ചുമതലകൾ**

**ഡാറ്റാ പരിശോധന ടീം:**

- ഘട്ടം 1-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അപ്ലോഡ് ചെയ്ത ഡാറ്റയിൽ വിവിധ രേഖകൾ പരിശോധിച്ച് ഉറപ്പാക്കേണ്ട വിവരങ്ങൾ പരിശോധിച്ച്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തുക.

**ഫീൽഡ് ഇൻസ്പെക്ഷൻ ടീം:**

- രേഖകളുടെ പരിശോധനയിൽ നിന്ന് മാത്രം ഉറപ്പാക്കാൻ കഴിയാത്ത മേഖലകൾ പരിശോധിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ വരുത്തുക. ഉദാഹരണം: പൊതു ശുചിത്വം, പൊതു ശുചിമുറികളുടെ അവസ്ഥ

- ഗ്രാമപഞ്ചായത്ത് വിലയിരുത്തൽ ടീം പരിശോധിച്ച് രേഖപ്പെടുത്തിയ വിവരങ്ങൾ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിലയിരുത്തി അന്തിമമാക്കേണ്ടതാണ്. നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിലയിരുത്തൽ ടീം പരിശോധിച്ച് രേഖപ്പെടുത്തിയ വിവരങ്ങൾ ജില്ലാ അസിസ്റ്റന്റ് ഡയറക്ടർ (മാലിന്യ സംസ്കരണം) അന്തിമമാക്കേണ്ടതാണ്.
- **ക്രോസ്-ബ്ലോക്ക് ഇൻസ്പെക്ഷൻ സംവിധാനം:** ഓരോ ബ്ലോക്കിലെ ടീമുകളും അതേ ജില്ലയിൽപ്പെട്ട മറ്റൊരു ബ്ലോക്ക് പരിശോധിക്കും. ആരും തന്നെ തങ്ങളെ പരിശോധിക്കുന്ന ബ്ലോക്കിനെ തിരിച്ച് പരിശോധിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. ജില്ലാ ജോയിന്റ് ഡയറക്ടർ ഓരോ പരിശോധനാ ടീമും ഏത് ബ്ലോക്ക് പരിധിയിലെ ഗ്രാമപഞ്ചായത്ത്കൾ പരിശോധിക്കണം എന്ന് നിർദേശം നൽകേണ്ടതാണ്

- **വാഹന സൗകര്യം:** ഗ്രാമപഞ്ചായത്ത് വിലയിരുത്തൽ ടീമിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എത്തുന്നത് വരെ ബ്ലോക്ക് പഞ്ചായത്തിന്റെ വാഹന സൗകര്യം നൽകേണ്ടതാണ്, തുടർന്നുള്ള വാഹന സൗകര്യം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ടതാണ്. നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിലയിരുത്തൽ ടീമിനു ആവശ്യമായ വാഹന സൗകര്യം ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസ് വഴി ക്രമീകരിക്കേണ്ടതാണ്.

### 3. ഘട്ടം 3 – ജില്ലാ തല പരിശോധന (സെപ്റ്റംബർ)

ഗ്രാമപഞ്ചായത്ത് വിലയിരുത്തൽ ടീം, നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിലയിരുത്തൽ ടീം എന്നിവർ നടത്തിയ പരിശോധനക്ക് ശേഷം ജില്ലാ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ രൂപീകരിക്കുന്ന ജില്ലാതല വിലയിരുത്തൽ ടീം അന്തിമ പരിശോധന നടത്തി ഡാറ്റകൾ അന്തിമമാക്കുന്നതാണ്.

**ജില്ലാ ടീം**

- ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
- ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ
- ഹരിത കേരളം മിഷൻ ജില്ലാ കോർഡിനേറ്റർ
- മാലിന്യമുക്തം നവകേരളം ജില്ലാ കോ-കോർഡിനേറ്റർ

**ജില്ലാ ടീം ചുമതലകൾ:**

- ഗ്രാമ-നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരിശോധിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, പരിശോധനയിൽ ഡാറ്റ വ്യത്യാസങ്ങൾ രേഖപ്പെടുത്തിയ ഇടങ്ങളിൽ പരിശോധന ടീമുമായി ചേർന്ന് ചർച്ച ചെയ്ത് ഡാറ്റകൾ അന്തിമമാക്കുക
- പരിശോധന പൂർത്തിയാക്കി എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെയും ഡാറ്റ അന്തിമമാക്കുക.

### 4. ഘട്ടം 4 – സ്ഥിരീകരണവും റാങ്കിംഗും (സെപ്റ്റംബർ)

- ജില്ലാതലത്തിൽ അന്തിമമാക്കിയ ഡാറ്റയുടെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് സംസ്ഥാന തലത്തിൽ മാർക്ക് നൽകുന്നതാണ്.
- തയ്യാറാക്കിയ ഗ്രേഡ് ലിസ്റ്റ് തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ രൂപീകരിച്ച സംസ്ഥാന തല ഗ്രേഡിംഗ് കമ്മറ്റി അന്തിമാമാക്കുന്നതാണ്
- കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്തുകൾ എന്നിങ്ങനെ വേർതിരിച്ചുള്ള റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്
- സംസ്ഥാന തലത്തിൽ വിവിധ വിഭാഗങ്ങളിലായി ഒന്ന്, രണ്ടു, മൂന്നു റാങ്കുകൾക്ക് പ്രത്യേക പുരസ്കാരം നൽകുന്നതാണ്.

**സംസ്ഥാന തല കമ്മറ്റി**

- സ്പെഷ്യൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ചെയർപേഴ്സൺ)
- എക്സിക്യൂട്ടീവ് ഡയറക്ടർ ,ശുചിത്വ മിഷൻ
- ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
- ഡയറക്ടർ (നഗരം), തദ്ദേശ സ്വയംഭരണ വകുപ്പ്